േ യ ാ ഹ . 2 : 1 – 1 2

**2023 ആഗസ്റ്റ് 15**

## വചനസന്ദേശം

**ഫാ. അരുൺ വലിയവീട്ടിൽ**

# മറിയത്തിന്റെ സ്വർഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യദിനവും

'**ആദിയിൽ** കർത്താവ് മനുഷ്യനെ സൃഷ്ടിച്ചു; അവനു സ്വാതന്ത്ര്യവും നൽകി' (പ്രഭാ. 15:14). എന്താണ് സ്വാതന്ത്ര്യം? പാർക്കിൽ വച്ച് പൂർവകമിതാക്കൾ കണ്ടുമുട്ടുന്നു. എന്തെന്നില്ലാത്ത സന്തോഷം അവരിൽ മുഖരിതമാകുന്നു. മൂലയിലുള്ള സീറ്റിൽ ഇരുന്നുകൊണ്ട് അവർ സംഭാഷണം ആരംഭിക്കുന്നു. പ്രായമായ ഒരു സ്ത്രീ തന്റെ പഴയ കാമുകനോട് ചോദിക്കുകയാണ് 'നീ കല്യാണം കഴിച്ചോ? ഭാര്യയുടെ ഫോട്ടോ കാണിച്ചു താ? നിന്റെ ഭാര്യയുടെ ഫോട്ടോ മൊബൈലിൽ ഉണ്ടായിരിക്കുമല്ലേ... അവളെ ഞാനൊന്നു കാണട്ടെ?' അയാൾ മൊബൈലിൽ ഫോട്ടോ കാണിക്കാൻ വിസമ്മതിച്ചു കൊണ്ട്, 'എന്റെ ഫോണിലല്ല എന്റെ ഹൃദയത്തിലാണ് അവളുടെ ഫോട്ടോ ഉള്ളത്.'' അല്പസമയത്തിനു ശേഷം അവൻ വീണ്ടും പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ചില്ല. എന്റെ ജീവിതത്തിൽ നിന്നെ മാത്രമേ ഞാൻ സ്നേഹിച്ചിട്ടുള്ളൂ. നീയാണ് ഇന്നും എന്റെ ഹൃദയത്തിലുള്ളത്. അതൊക്കെ പോട്ടെ, നിന്റെ അപ്പൻ നിന്നെ വലിയ പണക്കാരന്റെ അടുത്ത് കെട്ടിച്ചു കാണും അല്ലേ? നിന്റെ കുടുംബവും നീയും സന്തോഷമായിരിക്കുന്നു അല്ലേ?' ദുഃഖപൂരിതമായ സാഹചര്യം മാറ്റാനായി അവൾ ചോദിച്ചു, 'നീ ഓർക്കുന്നുണ്ടോ?... നീ ചെറുപ്പത്തിലെ തന്ന പ്രണയലേഖനങ്ങൾ!! ഞാൻ കല്യാണം കഴിച്ചപ്പോൾ ആ കത്തുകൾ പെട്ടിയിലാക്കി കൊണ്ടാണ് എന്റെ വിവാഹജീവിതം തുടങ്ങിയത്. ഞാൻ അതിന്നും സൂക്ഷിച്ചിട്ടുണ്ട്. എന്റെ ഭർത്താവ് മരിച്ചു. അധികം കാലം ഞങ്ങൾ ഒരുമിച്ച് ജീവിച്ചില്ല. മക്കളൊക്കെ ജോലി കിട്ടിയപ്പോൾ എന്നെ വിട്ടുപോയി. ഇന്ന് ഞാൻ ഒറ്റയ്ക്കാണ്.' വർഷങ്ങൾക്കുശേഷമുള്ള ഈ സംഭാഷണത്തിൽ നിന്ന് മനസ്സിലാകുന്നത് അവരുടെ മാതാപിതാക്കൾ കാരണം അവർക്ക് അന്യവൽക്കരിക്കപ്പെട്ട ഏതോ ഒരു സ്വാതന്ത്ര്യത്തെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്.

ചരിത്രത്തിൽ സ്വാതന്ത്ര്യം എന്ന ആശയം പല രീതിയിൽ ചർച്ച ചെയ്യപ്പെട്ടു. കാറൽ മാർക്സിന്റെ അഭിപ്രായത്തിൽ, സ്വാതന്ത്ര്യം അടിസ്ഥാനപരമായി മുതലാളിത്തത്തിന്റെ അടിച്ചമർത്തൽ സാഹചര്യങ്ങളിൽനിന്ന് തൊഴിലാളിവർഗത്തിന്റെ മോചനമാണ്. മുതലാളിത്തത്തിന് കീഴിൽ, ഭൂരിഭാഗം ജനങ്ങളും അതായത് തൊഴിലാളിവർഗം, ഉൽപ്പാദനോപാധികളുടെ ഉടമസ്ഥരായ മുതലാളിത്ത വർഗത്താൽ ചൂഷണം ചെയ്യപ്പെടുന്നുവെന്ന് മാർക്സ് വാദിച്ചു. മുതലാളിത്ത വ്യവസ്ഥ, മാർക്സിന്റെ അഭിപ്രായത്തിൽ, തൊഴിലാളികളെ അവരുടെ അധ്വാനത്തിന്റെ ഉൽപന്നങ്ങളിൽ നിന്നും, അവരുടെ സ്വന്തം മാനുഷികസത്തയിൽ നിന്നും അകറ്റുന്നു. ഈ ചൂഷണ വ്യവസ്ഥയിൽ തൊഴിലാളികൾ യഥാർത്ഥത്തിൽ സ്വതന്ത്രരല്ലെന്നും പകരം സാമ്പത്തിക ബലപ്രയോഗത്തിനും അന്യവൽക്കരണത്തിനും വിധേയരാണെന്നും അദ്ദേഹം വിശ്വസിച്ചു.

സാമ്പത്തിക സ്വാതന്ത്ര്യം ഒരു അനിവാര്യമായ ഘടകമായി വർത്തമാനകാലത്തിൽ തുടരുന്നു. ഒരിക്കൽ ഭർത്താവ്, ഉദ്യോഗസ്ഥയായ ഭാര്യയോട് ആ മാസത്തെ ശമ്പളത്തിൽ കുറവു വന്നതിന് കണക്കുകൾ ചോദിക്കുകയാണ്. ഭാര്യ സമ്പാദിച്ച ശമ്പളത്തിൽ ചെലവ് നടത്തുന്നതിനെ കുറിച്ചാണ് ഭർത്താവിന്റെ ചോദ്യം. 'നീ 100 രൂപയ്ക്ക് ഭക്ഷണം കഴിച്ചതായിട്ട് കാണുന്നു. അങ്ങനെ കഴിക്കാൻ കാരണം? ദിവസവും ബസ്സിന് പോകുന്ന നീ ഒരു ദിവസം ഓട്ടോറിക്ഷയ്ക്ക് പോയതായിട്ട് ഞാൻ കാണുന്നു. നീ ഓട്ടോറിക്ഷയ്ക്ക് പോയത് എന്തിനാണ്? പല ദിവസങ്ങളിൽ ചായ കുടിച്ചതിന്റെ ബിൽ വന്നിട്ടുണ്ട്, ഭാര്യ വളരെ എളിമപ്പെട്ട് ഭർത്താവിനോട് കണക്ക് ബോധിപ്പിക്കുന്നുണ്ടെങ്കിലും അവസാനം സംഭാഷണം പൊട്ടിത്തെറിയിലെത്തി. അഞ്ചക്ക ശമ്പളം മേടിക്കുന്ന കോളജ് അധ്യാപികയായ ഭാര്യയ്ക്ക് സ്വതന്ത്രമായി സാമ്പത്തിക വിനിമയം നടത്താൻ ഭർത്താവ് അനുവദിക്കുന്നില്ല എന്നുള്ള വികാരം അവളെ പ്രകോപിതയാക്കുകയും ഭർത്താവിന് ചുട്ട മറുപടി കൊടുക്കുകയും ചെയ്യുകയാണ്. ഞാൻ സമ്പാദിച്ച തുകയിൽ നിന്നും ചെലവ് ചെയ്യാൻ എനിക്ക് സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലേ?

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽനിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ഗാന്ധിജി നിർണ്ണായക പങ്കുവഹിച്ചു. രാഷ്ട്രീയവിമോചനത്തിന് ഊന്നൽ നൽകുന്ന ഒരു സവിശേഷമായ സ്വാതന്ത്ര്യ തത്ത്വചിന്ത വികസിപ്പിച്ചെടുത്തു. സ്വയം ഭരണം (Self rule) എന്ന് വിവർത്തനം ചെയ്യാവുന്ന 'സ്വരാജ്' എന്ന ആശയത്തിൽ അദ്ദേഹം വിശ്വസിച്ചു. സ്വരാജ് ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ഉൾക്കൊള്ളുന്നു.

എന്നാൽ ഗാന്ധിജിയുടെ തന്നെ ആശയമായ സ്വയം അച്ചടക്കത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആന്തരിക സ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തമായി ആധുനിക യുഗത്തിൽ ചിന്തിച്ചത് 'Gandhi's Integrity: The Philosophy behind the Politics' (2020) എന്ന പുസ്തകം എഴുതിയ സമകാലീന തത്ത്വചിന്തകനായ അഖിൽ ബിൽഗ്രാം ആണ്. ബിൽഗ്രാമിന്റെ വീക്ഷണത്തിൽ, 'ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം എന്നത് കേവലം ബാഹ്യനിയന്ത്രണത്തിന്റെയോ ആധിപത്യത്തിന്റെയോ അഭാവമല്ല, മറിച്ച് ആന്തരിക വിമോചനത്തിന്റെയും സ്വയം തിരിച്ചറിവിന്റെയും അവസ്ഥയായിരുന്നു.' കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, മാനസിക സ്വാതന്ത്ര്യത്തിനാണ് ഗാന്ധിജിയുടെ തത്ത്വശാസ്ത്രത്തിലൂടെ ബിൽഗ്രാം ഊന്നൽ കൊടുത്തത്. അന്യവൽക്കരിക്കപ്പെടാത്ത ജീവിതം (unalienated life) എന്നാണ് ഈ മാനസിക സ്വാതന്ത്ര്യത്തെ അദ്ദേഹം വിളിച്ചത്. 80 വയസ്സുള്ള ഒരമ്മച്ചി രാവിലെ എഴുന്നേൽക്കുന്നു. ചായ ഉണ്ടാക്കിയാൽ തന്നെ കുടിക്കാം. ആർക്കും ഉണ്ടാക്കി കൊടുക്കേണ്ട കാര്യമില്ല. തുടർന്ന് പള്ളിയിൽ പോകുന്നു. പള്ളിയിൽ വച്ച് കുറച്ചു പേരോട് കുശലം പറയുന്നു. വീട്ടിൽ വന്ന് പ്രഭാതഭക്ഷണം ഉണ്ടാക്കി സ്വയം കഴിക്കുന്നു. ആരും ഉണ്ടാക്കി തരാനില്ല. ഉച്ചവരെ പറമ്പിലൊക്കെ പണിയെടുത്ത് നടക്കുന്നു. ഉച്ചയ്ക്ക് അല്പം ചോറ് കുക്കറിൽ വച്ച് കറി ഉണ്ടാക്കി ഉച്ച ഭക്ഷണം കഴിക്കുന്നു. നാലുമണിവരെ അല്പം വിശ്രമിക്കുന്നു. നാലു മണിയാവുമ്പോൾ പുറത്തിറങ്ങി സ്കൂളിൽ നിന്ന് കുട്ടികളോടൊപ്പം വരുന്ന മാതാപിതാക്കൾ വഴിയിലൂടെ പോവുമ്പോൾ അവരോട് കുറച്ചുനേരം കുശലം പറയും. ആറരമണിക്ക് കുളിച്ചു വൃത്തിയായി ഏഴു മണിക്ക് വരാന്തയിൽ വന്നിരിക്കും. അയൽപക്കത്തെ വീട്ടിൽ സന്ധ്യാപ്രാർത്ഥന ചൊല്ലുമ്പോൾ അവരുടെ പ്രാർത്ഥന കേട്ട് മറുപടി ചൊല്ലി പ്രാർത്ഥിക്കുന്നു. എട്ടരയ്ക്ക് ഭക്ഷണം ഒന്നുകൂടെ ചൂടാക്കി കഞ്ഞിയാക്കി എന്തെങ്കിലും തൊടുകറികളും കൂട്ടി രാത്രി ഭക്ഷണം. പിന്നെ കിടന്നുറങ്ങുന്നു. 'ഈ അമ്മച്ചി ഒറ്റയ്ക്കാണോ അല്ലെങ്കിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാണോ?' പള്ളിപ്രസംഗത്തിൽ ഈ ചോദ്യം വികാരിയച്ചൻ ചോദിച്ചു. എല്ലാവരും പറഞ്ഞു, 'അവർ ഏകാന്തവാസം അനുഭവിക്കുന്ന ഒറ്റപ്പെട്ട സ്ത്രീയാണ്.' വികാരിയച്ചൻ മറുപടിയായിട്ട് പറഞ്ഞു: 'അവർ ഒറ്റപ്പെട്ട സ്ത്രീയല്ല സ്വാതന്ത്ര്യമുള്ള ഒരു സ്ത്രീയാണ്. പണ്ട് ഭർത്താവും മക്കളും ഒക്കെ ഉണ്ടായിരുന്നപ്പോൾ, നന്നായി മദ്യപിച്ച് ലക്കും ലഗാനുമില്ലാതെ വന്ന് ഭർത്താവ് അവരെ ഉപദ്രവിക്കുമായിരുന്നു. അയാൾ വരുമ്പോൾ അവരും മക്കളും പേടിച്ച് ഒരു മുറിയിൽ അടച്ചിരിക്കും. വീട് മുഴുവനും നശിപ്പിച്ച്... അശാന്തിയുടെ ദുർഘട രാത്രികൾ. ജീവിതത്തിൽ നല്ല കാലം മുഴുവനും യാതനകളായിരുന്നു. ഭർത്താവ് കുടിച്ചു കുടിച്ചു മരിച്ചു. മക്കളെയൊക്കെ അവരെക്കൊണ്ടാവും വിധം നല്ല നിലയ്ക്ക് കെട്ടിച്ചു. ഇപ്പോൾ സമാധാനത്തോടെ ജീവിക്കുകയാണ്. അവരുടെ സ്വാതന്ത്ര്യം അവർ അനുഭവിക്കുന്നത് നമ്മൾ കാണുന്ന ഭൗതിക സുഖ സൗകര്യങ്ങളിൽ അല്ല. മറിച്ച് മാനസിക സ്വാതന്ത്ര്യമായിരുന്നു അവർ അനുഭവിച്ചത്.

സാമ്പത്തിക രാഷ്ട്രീയ മാനസീക സ്വാതന്ത്ര്യത്തെക്കുറിച്ച് ചരിത്രത്തിലും അനുദിനജീവിതത്തിലും നമ്മൾ അവബോധമുള്ളവരാണ്. ഒരു മനുഷ്യന് ചില സാഹചര്യങ്ങളും ജീവിതാവസ്ഥയും സ്വാതന്ത്ര്യമാകുമ്പോൾ, മറ്റുള്ളവർക്ക് അതേ സാഹചര്യങ്ങൾ അടിമത്തമോ അസ്വാതന്ത്ര്യമോ ആയി അനുഭവപ്പെടാറുണ്ട്. സ്വാതന്ത്ര്യം എന്നത് ഒരു മനുഷ്യന്റെ സർവതോന്മുഖമായ വിമോചനമാണ് – 'സമഗ്ര വിമോചനം.' ആർക്കാണ് ആ സ്വാതന്ത്ര്യം ശരിയായി നൽകാൻ സാധിക്കുക. ആ 'സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നിൽക്കുവിൻ. അടിമത്തത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്' (ഗലാ. 5:1) എന്നാണ് പൗലോസ് ശ്ലീഹ പറഞ്ഞത്. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാനും വിലപിക്കുന്നവർക്കു സമാശ്വാസം നൽകാനും ക്രിസ്തുവിനെ അയച്ചിരിക്കുന്നു (ഏശയ്യാ 61:2). ആയതിനാൽ 'സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും' (റോമാ 8:21).

ഈ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കാൻ ക്രിസ്ത്യാനികളായ നാമെന്ത് ചെയ്യണം? ഈ സാഹചര്യത്തിലാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രസക്തി (യോഹ. 2:1–12). ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നമ്മെ നയിക്കുന്ന രണ്ട് ആത്മീയ തത്വങ്ങൾ (Spiritual Principles) വിവരിക്കുന്നു. പരിശുദ്ധ മാതാവാണ് അത് പറഞ്ഞു തരുന്നത്:

1. 'അവർക്കു വീഞ്ഞില്ല' (യോഹ. 2:3)
2. 'അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ' (യോഹ. 2:5).

പ്രത്യാശ നഷ്ടപ്പെട്ട ജീവിതങ്ങൾക്ക്, സ്വന്തം ജീവിതത്തിൽ അന്യവൽക്കരണം അനുഭവിക്കുന്ന മനുഷ്യർക്ക്, സമഗ്രവിമോചനം നൽകുന്ന ക്രിസ്തുവാകുന്ന ലഹരി. അവന്റെ വാക്കുകൾ പാലിക്കുമ്പോൾ ഓരോ മനുഷ്യനും സ്വർഗരാജ്യോന്മുഖമായി ജീവിക്കാൻ സാധിക്കുന്നു. F